പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **3126** 11/12/2014-ൽ മറുപടിയ്ക്ക്

ആയയിൽപ്പാലം നിർമ്മിക്കുന്നതിന് വസ്തു

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. റ്റി. ജോർജ് | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയേയും പെരുങ്കടവിള ഗ്രാമപഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ആയയിൽപ്പാലം നിർമ്മിക്കുന്നതിനുള്ള വസ്തു പൊന്നുംവിലയ്ക്ക് എടുക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കാമോ;<br><br>(ബി) പൊന്നുംവില നടപടികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം വിശദമാക്കാമോ ? | (എ) & (ബി)<br>നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയേയും പെരുങ്കടവിള ഗ്രാമപഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ആയയിൽപ്പാലം നിർമ്മിക്കുന്നതിനുള്ള വസ്തു പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അർത്ഥന നൽകുകയും ഇതനുസരിച്ച് സർവ്വേ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരമുള്ള 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും തുടർന്ന് ശ്രീ. ഷാജി, ശ്രീമതി. വീണ എന്നിവർ ബഹു. ഹൈക്കോടതിയിൽ WP(C) 16600/10-ാം നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി അക്വിസിഷൻ നടപടികൾ സ്റ്റേ ചെയ്യുകയുമുണ്ടായി. അതിനാലാണ് അക്വിസിഷൻ നടപടികൾക്ക് കാലതാമസം നേരിടേണ്ടി വന്നത്. ഇപ്പോൾ കേസ് ഹൈക്കോടതി തള്ളി തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ പുതിയ അക്വിസിഷനുള്ള റിക്വിസിഷൻ പൊതുമരാമത്ത് വകുപ്പ് നൽകിയാൽ നിലവിലുള്ള **Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013** പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.